# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

2761 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന് ഈ സർക്കാർ വന്നതിനു ശേഷം ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതികൾക്കായി എത്ര രൂപ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര രൂപ ചെലവഴിച്ചു;

(സി) ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചു; ഏതെല്ലാം പദ്ധതികൾ ആരംഭിക്കാനുണ്ട്; വിശദാംശങ്ങൾ നൽകുമോ:

(ഡി) 100 ശതമാനവും കേന്ദ്രസഹായമുള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ഇ) സംസ്ഥാനവിഹിതം കൂടി ഉൾപ്പെടുന്ന പദ്ധതികൾ ഏതെല്ലാം?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>റവന്യൂ ദിനം</u>

2762 ശ്രീ. പാലോട് രവി
,, അന്‍വര്‍ സാദത്ത്
,, എ. റ്റി. ജോര്‍ജ്
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് റവന്യൂ ദിനം പ്രഖ്യാപിച്ച് ആഘോഷങ്ങള്‍ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആഘോഷങ്ങള്‍ സംബന്ധിച്ച വിശദാംശങ്ങള്‍ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) റവന്യൂ വകുപ്പിന്റെ കാര്യക്ഷമമായ പ്രവര്‍ത്തനത്തിന് എന്തെല്ലാം കര്‍മ്മപദ്ധതികളാണ് ഇതോടനുബന്ധിച്ച് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) എന്തെല്ലാം തുടര്‍നടപടിയാണ് ഇതിന്മേല്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

സുരക്ഷായനം -2012 അന്താരാഷ്ട്ര ശില്‍പ്പശാല

2763 ശ്രീ. ഷാഫി പറമ്പില്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാന്‍
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സുരക്ഷായനം - 2012 അന്താരാഷ്ട്ര ശില്‍പ്പശാല സംഘടിപ്പിക്കുകയുണ്ടായോ ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ആയതുവഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) എന്തെല്ലാം വിഷയങ്ങളാണ് ഇതില്‍ ചര്‍ച്ച ചെയ്യപ്പെട്ടത്; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം തുടര്‍നടപടികളാണ് ഇതിന്‍മേല്‍ കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

ഭൂരഹിത കേരളം പദ്ധതി

2764 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഭൂരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പേർക്ക് എത്ര സെന്റ് ഭൂമി വീതം ഏതൊക്കെ വില്ലേജുകളിൽ വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

2765 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി കാസർഗോഡ് ജില്ലയിൽ എത്ര പുരയിടങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) ഇതിൽ കാസർഗോഡ് ജില്ലക്കാരായ എത്ര അപേക്ഷകരാണുള്ളത്;

(സി) ഈ പദ്ധതിയുടെ ഭാഗമായി അന്യജില്ലക്കാർക്ക് ഭൂമി പതിച്ചുകൊടുക്കുക വഴി കാസർഗോഡ് ജില്ലയുടെ വികസനത്തിനാവശ്യമായ എത്ര ഭൂമി നഷ്ടമാകും എന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>രാജ്യത്തെ ഭൂരഹിതരില്ലാത്ത ആദ്യ ജില്ല</u>

2766 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഭൂരഹിതരില്ലാത്ത ആദ്യ ജില്ല എന്ന ബഹുമതി ലഭിച്ചത് കേരളത്തിലെ ഏത് ജില്ലയ്ക്കാണ്;

(ബി) ഈ ബഹുമതിക്കായി ജില്ലയിലെ എത്ര കുടുംബങ്ങൾക്കായി എത്ര സെന്റ് ഭൂമിയാണ് വിതരണം ചെയ്തത്;

(സി) സംസ്ഥാനത്തെ മുഴുവൻ ജില്ലകളേയും ഭൂരഹിതരില്ലാത്ത ജില്ലയാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>മുകുന്ദപുരം താലൂക്കിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

2767 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്കിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പാക്കുന്നതിനായി അപേക്ഷ സമർപ്പിച്ചവരുടെ എണ്ണവും ഇവർക്കായി ഭൂമി നൽകുന്നതിന് എത്ര അളവിൽ ഭൂമി വേണമെന്നും കണക്കാക്കിയിട്ടുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അപേക്ഷകർക്കായി സ്ഥലം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ഭൂരഹിതർക്ക് നൽകുന്നതിനായി കണ്ടെത്തിയിട്ടുള്ള ഭൂമി</u>

2768 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഭൂരഹിതരായി എത്ര പേരെ കണ്ടെത്തി നിജപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) നിലവിൽ ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ വില്ലേജുകളിൽ എത്ര ഭൂമി വിതം കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഇതിൽ മറ്റു വികസന പ്രവർത്തനങ്ങൾക്കായി സാക്ഷ്യപ്പെടുത്തിയ ഭൂമികളുണ്ടോ എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

പാരിസ്ഥിതിക പ്രാധാന്യമുള്ള കിനാനൂരിലെ
റവന്യൂ ഭൂമി സംരക്ഷിക്കുന്നതിനുള്ള നടപടി

2769 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിനാനൂർ കരിന്തളം പഞ്ചായത്തിലെ പാരിസ്ഥിതിക പ്രാധാന്യമുള്ള കാട്ടിപ്പൊയിലിലെ പള്ളം ഉൾപ്പെടുന്ന റവന്യൂ ഭൂമി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ പ്രദേശം റവന്യു അധികാരികളുടെ അശ്രദ്ധ മൂലം ആർക്കെങ്കിലും പതിച്ചുകൊടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ തിരികെ എടുക്കുന്നതിനും പ്രസ്തുത ഭൂമി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പരിസ്ഥിതിലോല മേഖലയിൽ നിന്നും ജനവാസ കേന്ദ്രങ്ങളെ വേർതിരിക്കാൻ നടപടി</u>

2770 ശ്രീ. വി.എസ്. സുനിൽ കുമാർ
,, ഇ. ചന്ദ്രശേഖരൻ
,, പി. തിലോത്തമൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല മേഖലയിൽ നിന്നും ജനവാസ കേന്ദ്രങ്ങളെ വേർതിരിക്കാൻ റവന്യൂ വകുപ്പ് ഭൂപടം തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ ഭൂപടം അനുസരിച്ച് എത്ര ഹെക്ടർ ഭൂമി സർക്കാരിന്റേതായി മാറുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഭൂപടം അനുസരിച്ച് എത്ര കർഷകർക്ക് കൃഷി ഭൂമി നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പാട്ടത്തിനു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ</u>

2771 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടം നൽകി സർക്കാർ ഭൂമിയിൽ പാട്ടത്തിനു പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങളുണ്ട് എന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കേണ്ട പാട്ടകുടിശ്ശിക എത്രയാണെന്ന് സ്ഥാപനം തിരിച്ചു വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പാട്ടകുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നു വിശദമാക്കുമോ;

(ഡി) ഭീമമായ തുക പാട്ടകുടിശ്ശിക ഉള്ള സ്ഥാപനങ്ങളുടെ പാട്ട വ്യവസ്ഥ റദ്ദാക്കി പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ഭൂപരിധിയിൽ ഇളവ്</u>

2772 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ കൈവശം വെക്കാവുന്ന തോട്ടമല്ലാത്ത ഭൂമിയുടെ പരിധിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമാണെന്നും എന്തൊക്കെ ആവശ്യങ്ങൾക്കുമാണ് ഇളവ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കെട്ടിട നികുതി ഈടാക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം</u>

2773 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് കെട്ടിടനികുതി ഈടാക്കുന്നതിന് കെട്ടിടത്തിന്റെ അളവ് വിസ്തീർണ്ണം കണക്കാക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകി നിർമ്മാണം പൂർത്തിയാക്കി നമ്പർ ലഭിച്ച വീടുകളുടെ കാര്യത്തിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ വിസ്തീർണ്ണം കണക്കാക്കുമ്പോൾ ഭീമമായ വ്യത്യാസം വരുന്നതായ ആവലാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റവന്യൂ വകുപ്പിൽ കെട്ടിട വിസ്തീർണ്ണം കണക്കാക്കുന്നതിന് സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ;

(ഡി) തറവിസ്തീർണ്ണം കണക്കാക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പും റവന്യൂ വകുപ്പും വ്യത്യസ്ത മാനദണ്ഡങ്ങളാണോ സ്വീകരിക്കുന്നത് എന്ന കാര്യം പരിശോധിച്ച് ഈ വിഷയത്തിലെ അവ്യക്തതയും അപാകതയും പരിഹരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സ്മാർട്ട് വില്ലേജുകൾ</u>

2774 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജുകൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

വില്ലേജ് ജനകീയ സഭ

2775 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "വില്ലേജ് ജനകീയ സഭ" രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത സഭയുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) "താലൂക്ക് സഭ"കളുടെ മാതൃകയിൽ രൂപീകരിക്കുന്ന വില്ലേജ് സഭകളിൽ ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തുവാനും വില്ലേജിലെ പ്രശ്നപരിഹാരത്തിന് ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്ന വില്ലേജ് സഭകൾ മാസത്തിൽ ഒരു പ്രാവശ്യം എങ്കിലും കൂടുന്നതിനും മറ്റും ആവശ്യമായ തരത്തിലുള്ള ഉത്തരവുകൾ ഇറക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

ഇ-ജില്ലാ പ്രോജക്ട്

2776 ശ്രീ. വി.പി. സജീന്ദ്രൻ
,, വി.റ്റി. ബൽറാം
,, വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഇ-ജില്ലാ പ്രോജക്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കോമൺ സർവ്വീസ് സെന്ററുകൾ മുഖേന സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി

2777 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി അട്ടിമറിക്കാൻ ശ്രമിച്ച 12 വില്ലേജ് ഓഫീസർമാർക്കെതിരെ ജില്ലാ കളക്ടർ മെമ്മോ നൽകി എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം വില്ലേജ് ഓഫീസർമാർക്ക് എതിരെയാണ് ഇപ്രകാരം ആരോപണങ്ങൾ ഉണ്ടായതെന്നും മേമ്മോ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) മെമ്മോ നൽകിയിട്ടില്ലെങ്കിൽ ഇപ്രകാരം ഒരു വർത്തയുടെ ഉറവിടം ഏതാണെന്നു ബോധ്യപ്പെട്ടിട്ടുണ്ടോ; ഈ സംഭവത്തിനു കാരണക്കാരായവർക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) കളക്ടർ വിളിച്ചു ചേർത്ത യോഗത്തിൽ തിരഞ്ഞെടുപ്പ് തിരക്കുകൾ, ഇന്റർനെറ്റ് തകരാറുകൾ, അക്ഷയ കേന്ദ്രങ്ങളിൽ അപേക്ഷകൾ വാങ്ങികെട്ടിവച്ച് വളരെ വൈകി മാത്രം അയക്കുന്നത്, സോഫ്റ്റ്‌വെയറിൽ എഡിറ്റ് എന്ന ഓപ്ഷൻ ഇല്ലാത്തത് തുടങ്ങിയ നിരവധിയായ പ്രശ്നങ്ങൾ റവന്യൂ ഉദ്യോഗസ്ഥർ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എന്തു പരിഹാരമാണ് ഉണ്ടാക്കിയിരിക്കുന്നത് എന്നു പറയാമോ;

(ഡി) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കി അതിനായി ജീവനക്കാരെ നിയമിച്ച് അക്ഷയ കേന്ദ്രങ്ങളുടെ സാമ്പത്തിക ചൂഷണം അവസാനിപ്പാക്കാനും ജനങ്ങൾക്ക് വളരെ വേഗം സേവനം ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിൽ പുതിയ റവന്യു ഡിവിഷനുകളുടെ രൂപീകരണം

2778 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര താലൂക്കുകൾ ഉണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര താലൂക്കുകൾ പുതുതായി രൂപീകരിച്ചു;

(സി) പുതിയ താലൂക്കുകൾ നിലവിൽ വരുന്നതിനുമുമ്പ് കേരളത്തിൽ എത്ര റവന്യൂ ഡിവിഷനുകൾ ഉണ്ടായിരുന്നു; അവ ഏതെല്ലാം;

(ഡി) ഒന്നിലേറെ റവന്യ ഡിവിഷനുകൾ ഉള്ള ജില്ലകൾ ഏതെല്ലാം;

(ഇ) ഒരു റവന്യൂ ഡിവിഷൻ മാത്രമുള്ള ജില്ലകളിൽ ഒന്നിൽ കൂടുതൽ റവന്യഡിവിഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പതിന്നാല് അസംബ്ലി നിയോജക മണ്ഡലങ്ങൾ ഉള്ള തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട, നെടുമങ്ങാട് താലൂക്കുകളും അണ്ടൂർക്കോണം, പോത്തൻകോട് പഞ്ചായത്തുകളും ഏകോപിപ്പിച്ച് നെടുമങ്ങാട് കേന്ദ്രമായി ഒരു റവന്യൂ ഡിവിഷൻ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

കൊല്ലം ജില്ലയിൽ പുതിയ റവന്യൂ ഡിവിഷൻ

2779 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ റവന്യൂ ഡിവിഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൊല്ലം ജില്ലയിൽ ഒരു പുതിയ റവന്യൂ ഡിവിഷൻ കൂടി ആരംഭിക്കുവാനും ആയത് ജില്ലയുടെ കിഴക്കൻ മലയോര മേഖല കേന്ദ്രമായി പുനലൂർ ആസ്ഥാനമാക്കി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>കയ്പമംഗലം നിയോജകമണ്ഡലത്തിൽ മിനി സിവിൽ സ്റ്റേഷൻ</u>

2780 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ മിനിസിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) ഇതിനായി ബഡ്ജറ്റിൽ പണം വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പുതിയതായി നിർമ്മിക്കാനുദ്ദേശിക്കുന്ന മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റേണ്ട ഓഫീസുകളെ സംബന്ധിച്ച വിശദവിവരം സർക്കാരിന്റെ പക്കലുണ്ടോ;

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

താലൂക്കുകളുടെയും വില്ലേജുകളുടെയും വിഭജനം

2781 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ താലൂക്കുകളും വില്ലേജുകളും വിഭജിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച പ്രപ്പോസലുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) മലപ്പുറം ജില്ലയിൽ ഏതെല്ലാം വില്ലേജുകളാണ് വിഭജിച്ച് പുതിയത് രൂപീകരിക്കുന്നതെന്ന കാര്യം വെളിപ്പെടുത്തുമോ;

(ഡി) മലപ്പുറം മണ്ഡലത്തിലെ കൂടുതൽ വിസ്തൃതിയും ജനസംഖ്യയുമുള്ള കോഡൂർ, പുൽപ്പറ്റ വില്ലേജുകൾ വിഭജിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിക്കപ്പെട്ട താലൂക്കുകളുടെ പ്രവർത്തനം</u>

2782 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിക്കപ്പെട്ട താലൂക്കുകളുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ;

(ബി) ഈ താലൂക്കുകളിൽ അനുബന്ധ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

താലൂക്കുകളുടെ പ്രവർത്തനം

2783 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര താലൂക്കുകൾ ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചത് ;

(ബി) ഇതിൽ ഇതിനകം എത്ര താലൂക്കുകൾ പ്രവർത്തനം ആരംഭിച്ചെന്ന് വിശദമാക്കാമോ ;

(സി) ഏതൊക്കെ താലൂക്കുകളുടെ ആസ്ഥാനം സംബന്ധിച്ച് തർക്കങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;

(ഡി) ഇതിൽ എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(ഇ) ആരംഭിച്ച ഓരോ താലൂക്ക് ആഫീസുകളുടെയും പ്രവർത്തനത്തിന് അനാവർത്തന, ആവർത്തന ചെലവുകൾക്കായി പ്രതിവർഷം എന്തു തുക ആവശ്യമായി വരുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ഇടുക്കി താലൂക്ക് ഓഫീസിന്റെ പ്രവർത്തനം

2784 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി താലൂക്ക് ഓഫീസിന്റെ പ്രവർത്തനം എന്നു മുതലാണ് ആരംഭിച്ചത്; ഏതെല്ലാം തസ്തികകളാണ് നിലവിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസ് മുഖാന്തിരം എന്തെല്ലാം സേവനങ്ങളാണ് നിലവിൽ നൽകിവരുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇടുക്കി താലൂക്ക് ഓഫീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ആശ്യമായ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>ചാത്തന്നൂർ കേന്ദ്രീകരിച്ച് പുതിയ താലൂക്ക്</u>
<u>രൂപീകരിക്കണമെന്ന ആവശ്യം</u>

2785 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കേന്ദ്രീകരിച്ച് പുതിയ താലൂക്ക് രൂപീകരിക്കണമെന്ന അപേക്ഷയിന്മേൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) പുതിയ താലൂക്കുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ചാത്തന്നൂർ താലൂക്ക് രൂപീകരണം സാദ്ധ്യമാക്കുവാൻ സന്നദ്ധമാകുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ്

2786 ശ്രീ. ആര്‍. സെല്‍വരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്
,, ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) ജനങ്ങളുടെ യാത്രാക്ലേശവും ബുദ്ധിമുട്ടും പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>നെൽവയൽ -നീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി</u>

2787 ശ്രീ. ഇ. പി. ജയരാജൻ
,, എം. ചന്ദ്രൻ
,, കെ. വി. വിജയദാസ്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-നീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നെൽവയൽ-നീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷവും 1967ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം ആർ.ഡി.ഒ.മാർ വയൽ നികത്താൻ അനുമതി നൽകിവരുന്നുണ്ടോ; എന്തെല്ലാം ആർ.ഡി.ഒ മാർ എത്ര കേസുകളിൽ അനുമതി നൽകിയിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാണോ;

(സി) 1967ലെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡറിന് നിലവിൽ പ്രാബല്യമുണ്ടോ; വിശദമാക്കാമോ; ഇത് വ്യാപകമായി ദുർവിനിയോഗം ചെയ്യപ്പെടുന്നതായി അറിയാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ നെൽവയൽ നികത്തുന്നതിനായി ലഭിച്ച അപേക്ഷകൾ</u>

2788 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-ന് ശേഷം കോഴിക്കോട് ജില്ലയിൽ നെൽവയൽ നികത്തുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചെന്നും, അപേക്ഷകന്റെ പേരും മേൽവിലാസവും വില്ലേജും, നികത്തുന്നതിന് അപേക്ഷിച്ച സ്ഥലത്തിന്റെ വിസ്തൃതിയും വിശദമാക്കുമോ;

(ബി) ഇതിൽ ആർക്കെല്ലാമാണ് നെൽവയൽ നികത്തുന്നതിന് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) അനുമതി നൽകിയത് നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമത്തിന് വിധേയമായിട്ടാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) അനുമതി നൽകിയവരിൽ ഏതെങ്കിലും നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമത്തിന് വിധേയമായിട്ടല്ല എന്നു കാണിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(എഫ്) അനുമതി നൽകുന്നതിന് മുമ്പ് എന്തെല്ലാം നടപടി ക്രമങ്ങളാണ് സ്വീകരിച്ച വരുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഭൂമി കൈയ്യേറ്റം നടപടി</u>

2789 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഫറോക്ക് ടൗൺ, നല്ലൂർ, ഓൾഡ് എൻ.എച്ച് റോഡ് എന്നിവടങ്ങളിൽ പൊതു സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾ കൈയ്യേറി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വേ നടത്തി പൊതു സ്ഥലം സംരക്ഷിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(സി) കയ്യേറ്റ സ്ഥലം ഒഴിപ്പിച്ചെടുക്കാനും ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>റിവര്‍ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികള്‍</u>

2790 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റിവര്‍ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത്;

(ബി) റിവര്‍ മാനേജ്മെന്റ് ഫണ്ടില്‍ നിന്നും 2013-14 സാമ്പത്തിക വര്‍ഷത്തില്‍ മലപ്പുറം ജില്ലയില്‍ എത്ര പ്രവൃത്തികള്‍ക്കാണ് ഭരണാനുമതി നല്‍കിയത്; എന്തു തുകയാണ് അനുവദിച്ചത്;

(സി) മലപ്പുറം മണ്ഡലത്തില്‍ 2013-14 വര്‍ഷത്തില്‍ നടപ്പാക്കിയ വിവിധ പദ്ധതികളും അവയുടെ പുരോഗതിയും വിശദീകരിക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>തരംമാറ്റപ്പെട്ട ഭൂമിയിൽ നിർമ്മാണപ്രവർത്തനം അനുവദിക്കാതിരിക്കുന്നത്</u>

2791 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരങ്ങൾ വച്ചുപിടിപ്പിച്ചും മറ്റുരീതികളിലും തരംമാറ്റപ്പെട്ട ഭൂമി കൃഷിസ്ഥലമാണെന്ന മട്ടിൽ ഒരു നിർമ്മാണപ്രവർത്തനവും അനുവദിക്കാതിരിക്കുന്നത് സംബന്ധിച്ചുള്ള പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരം ഭൂമി ഉടമസ്ഥന് യഥേഷ്ടം ഉപയോഗപ്പെടുത്തുന്നതിന് സ്വാതന്ത്ര്യം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>സർട്ടിഫിക്കറ്റുകൾ ഓൺ ലൈൻ വഴി</u>
<u>അപേക്ഷിക്കുമ്പോഴുള്ള പോരായ്മകൾ</u>

2792 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഭാഗമായി ഓൺലൈൻ വഴി സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുമ്പോൾ വില്ലേജ് ഓഫീസർമാർ അപേക്ഷകൾ നിരസിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ എന്തു നടപടി സ്വീകരിച്ചു എന്നു പറയാമോ;

(ബി) സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുമ്പോൾ ആവശ്യമില്ലാത്തതും തെറ്റായതുമായ അനുബന്ധരേഖകൾ അയക്കുവാൻ അക്ഷയ കേന്ദ്രങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; ഇപ്രകാരം തെറ്റായ രേഖകൾ സമർപ്പിക്കപ്പെട്ടാലും അപേക്ഷകളിൽ സർട്ടിഫിക്കറ്റുകൾ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) സർക്കാർ നിരക്കിലല്ലാതെയും തെറ്റായ രേഖകൾ അനാവശ്യമായി ചേർത്ത് അധികമായ നിരക്കിലും അപേക്ഷകൾക്ക് ഫീസ് വാങ്ങുന്ന അക്ഷയ കേന്ദ്രങ്ങൾക്കെതിരെ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നു പറയാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>റോസ്മല എന്ന പ്രദേശം ആര്യങ്കാവ് വില്ലേജിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി</u>

2793 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ വില്ലേജിൽ ഇപ്പോൾ ഉൾപ്പെട്ടിരിക്കുന്ന റോസ്മല എന്ന പ്രദേശം പ്രസ്തുത മേഖലയിലെ ജനങ്ങളുടെ സൗകര്യാർത്ഥം ആര്യങ്കാവ് വില്ലേജിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് റവന്യൂ വകുപ്പ് മന്ത്രിക്ക് പുനലൂർ എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്മേൽ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ അപര്യാപ്തതയും കമ്പ്യൂട്ടർവല്ക്കരണവും</u>

2794 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ ഉദ്യോഗസ്ഥരുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതു പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) വില്ലേജ് രേഖകളുടെ കമ്പ്യൂട്ടർവല്ക്കരണം ഏതുവരെയായി ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ഡപ്യൂട്ടി തഹസിൽദാർ തസ്തികയിലേയ്ക്ക് നേരിട്ട് നിയമനം

2795 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡപ്യൂട്ടി തഹസിൽദാർ തസ്തികയിലേയ്ക്ക് നേരിട്ട് നിയമനം നടത്തുന്നതിന് പ്രസ്തുത തസ്തികയിലേയ്ക്ക് യോഗ്യതയുള്ളവരുടെ അഭാവത്തിൽ മാത്രമേ പാടുള്ളൂവെന്ന് റവന്യൂ വകുപ്പിന്റെ സ്പെഷ്യൽ റൂളിൽ നിഷ്കർഷയുണ്ടോ;

(ബി) ആശ്രിത നിയമനം വഴി നേരിട്ട് ഡപ്യൂട്ടി തഹസിൽദാർ തസ്തികയിലേയ്ക്ക് സ്പെഷ്യൽ റൂളിന് വിരുദ്ധമായി നിയമനം നടത്തുന്നതിന് തീരുമാനമെടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പുനപരിശോധിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പുതുതായി രൂപീകരിച്ച താലൂക്കുകളിൽ തസ്തികകൾ</u>

2796 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച താലൂക്കുകളിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകൾ സൃഷ്ടിച്ചു;

(ബി) ഇനി ഏതെങ്കിലും തസ്തികകൾ സൃഷ്ടിക്കുന്നതിന് ബാക്കിയുണ്ടോ; ഇവിടങ്ങളിൽ മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ;

(സി) പുതിയ കൊണ്ടോട്ടി താലൂക്കിൽ സർവ്വേയറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>റവന്യൂ വകുപ്പിന്റെ ആസ്ഥാന ഓഫീസുകളിലെ ഒഴിവുകൾ</u>

2797 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ വകുപ്പിന്റെ ആസ്ഥാന ആഫീസുകളായ ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, ലാന്റ് ബോർഡ്, സർവ്വേ ഡയറക്ടറേറ്റ്, സ്റ്റാമ്പ് ഡിപ്പോ എന്നിവിടങ്ങളിലെ എൽ.ഡി.സി, എൽ.ഡി ടൈപ്പിസ്റ്റ്, എൽ.ജി.എസ് എന്നീ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ ആസ്ഥാന ഒഴിവുകളായി റിപ്പോർട്ട് ചെയ്യാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം കേരളത്തിലെ പതിന്നാലു ജില്ലകൾക്ക് അർഹതപ്പെട്ട ഒഴിവുകൾ തിരുവനന്തപുരം ജില്ലയിൽ മാത്രമായി പരിമിതപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകൾ ആസ്ഥാന ഒഴിവുകളായി ലാന്റ് റവന്യൂ കമ്മീഷണർ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കനോലി കനാലിന്റെ കരകളെ സി.ആർ.ഇസഡ് പരിധിയിൽ നിന്നും ഒഴിവാക്കുന്നതു സംബന്ധിച്ച്</u>

2798 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മുതൽ പൊന്നാനി വരെ നീണ്ടു കിടക്കുന്ന മനുഷ്യനിർമ്മിതമായ കനോലി കനാലിന്റെ തീരങ്ങളിൽ താമസിക്കുന്നവർക്ക് സി.ആർ.ഇസഡ് പരിധി നിയമം ബാധകമാണോ;

(ബി) പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരുന്നതുകൊണ്ട് കനോലി കനാൽ തീരവാസികൾക്ക് വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കെട്ടിടനിർമ്മാണത്തിനുള്ള ദൂരപരിധിയിൽ ഇളവനുവദിച്ച് തീരവാസികളുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>വൈത്തിരി താലൂക്കിലെ കോളിച്ചൽ പ്രദേശത്ത് ഭൂനികുതി സ്വീകരിക്കുന്നില്ലെന്ന പരാതി</u>

2799 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈത്തിരി താലൂക്കിലെ കോളിച്ചൽ പ്രദേശത്തെ ജനങ്ങളുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവിടത്തെ പ്രദേശവാസികളുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രദേശം മുൻപ് ഏത് വില്ലേജിന്റെ കീഴിലായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ പ്രസ്തുത പ്രദേശം ഏതു വില്ലേജിന്റെ കീഴിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പ്രദേശവാസികളുടെ ഭൂമിയുടെ നികുതി സ്വീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കരുവൻതിരുത്തിയിലെ റയിൽവേ ഭൂമിയിലെ താമസക്കാർക്ക് കൈവശാവകാശം ലഭ്യമാക്കുവാൻ നടപടി</u>

2800 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുവൻതിരുത്തി വില്ലേജിൽ റയിൽവേ ബി ക്ലാസ്സ് ഭൂമിയിലെ താമസക്കാർ ഭൂമിയുടെ കൈവശാവകാശം ലഭിക്കണമെന്നാവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(സി) ഇതിനുവേണ്ടി റെയിൽവേയുമായി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ഉത്തരവുകൾ ലഭിക്കുന്നതിലെ കാലതാമസം</u>

2801 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ അനുവദിക്കുന്ന ചികിത്സാസഹായങ്ങളും, കാലവർഷ കെടുതിയിൽപ്പെടുത്തി അനുവദിക്കുന്ന റോഡുകളുടെ പുനർ നിർമ്മാണത്തിനുള്ള ഉത്തരവുകളും കാസർഗോഡ് കലക്ടറേറ്റിൽ നിന്നും ഏറെ താമസിച്ച് മാത്രം ബന്ധപ്പെട്ടവർക്ക് ലഭിക്കുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കാര്യക്ഷമമായ നടപടി സ്വീകരിക്കാൻ ഉത്തരവുണ്ടാകുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

മഴക്കെടുതി മൂലമുളള നാശനഷ്ടങ്ങൾക്ക് കേന്ദ്ര സഹായം

2802 ശ്രീ. രാജു എബ്രഹാം
,, കെ. വി. വിജയദാസ്
ശ്രീമതി കെ.കെ. ലതിക
ശ്രീ.കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേനൽമഴക്കെടുതി മൂലം ഉണ്ടായിട്ടുളള നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) മഴക്കെടുതി നേരിടുന്നതിന് കേന്ദ്രസഹായം അഭ്യർത്ഥിച്ചിരുന്നോ; എന്തു തുക ലഭിച്ചു;

(സി) വേനൽമഴക്കെടുതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പ്രകൃതിക്ഷോഭ ദുരന്തങ്ങൾക്ക് ഇരയായവർക്കും അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇതിന് സംസ്ഥാന സർക്കാർ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) കാലവർഷക്കെടുതി നേരിടുന്നതിന് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്നും എന്തു തുക ലഭിച്ചു; ഇത് വിതരണം ചെയ്തിട്ടുണ്ടോ; കേന്ദ്രത്തോട് ആവശ്യപ്പെട്ട തുക എത്ര വീതമായിരുന്നു;

(എഫ്) കാലവർഷക്കെടുതികൾ നേരിടുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുളളതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ഇടുക്കി ജില്ലയിൽ കാലവർഷക്കെടുതിയിൽ കിടപ്പാടം നഷ്ടപ്പെട്ടവർക്കുള്ള സഹായം</u>

2803 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലവർഷക്കെടുതിയിൽ ഇടുക്കി ജില്ലയിൽ എത്ര വീടുകൾക്ക് പൂർണ്ണനാശം സംഭവിച്ചുവെന്നും എത്ര വീടുകൾക്ക് ഭാഗികനാശനഷ്ടം സംഭവിച്ചു വെന്നും വ്യക്തമാക്കുമോ ;

(ബി) കാലവർഷക്കെടുതിയിൽ കിടപ്പാടം നഷ്ടപ്പെട്ടവർക്ക് വാഗ്ദാനം ചെയ്തപ്രകാരം എന്തെല്ലാം കാര്യങ്ങൾ നിവർത്തിക്കാൻ സാധിച്ചുവെന്ന് അറിയിക്കുമോ ;

(സി) ഇപ്രകാരം വീട് പുനർനിർമ്മിക്കാൻ സർക്കാർ ആനുകൂല്യങ്ങൾ കൈപ്പറ്റിയവരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ വരള്‍ച്ചാ ദുരിതാശ്വാസ പദ്ധതി</u>

T2804 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നടപ്പ് വര്‍ഷത്തില്‍ വരള്‍ച്ചാ ദുരിതാശ്വാസ പദ്ധതിയനുസരിച്ച് പാലക്കാട് ജില്ലയ്ക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) എത്ര പദ്ധതികള്‍ക്കായിട്ടാണ് ഈ തുക അനുവദിച്ചിട്ടുള്ളത്;

(സി) എത്ര പദ്ധതികള്‍ക്ക് ഭരണാനുമതി നല്‍കി; എത്രയെണ്ണം പൂര്‍ത്തീകരിച്ചു;

(ഡി) പൂര്‍ത്തീകരിക്കുവാന്‍ ബാക്കിയുള്ളത് എത്ര; ഇവ എന്നത്തേക്ക് പൂര്‍ത്തീകരിക്കുവാന്‍ കഴിയും;

(ഇ) ടാങ്കര്‍ ലോറികളില്‍ കൂടി വെള്ളം വിതരണം ചെയ്തതിന് ജില്ലയില്‍ ചെലവഴിച്ചതുക എത്ര; പഞ്ചായത്ത് തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

തൃശ്ശൂർ ജില്ലയിലെ ദുരിതാശ്വാസ ധനസഹായം

2805 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തൃശ്ശൂർ ജില്ലയിൽ നാളിതുവരെ എത്ര തുക ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>വേനൽമഴയിൽ സംസ്ഥാനത്ത് ഉണ്ടായ നാശനഷ്ടം</u>

2806 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വേനൽമഴയിൽ സംസ്ഥാനത്ത് എത്രകോടി രൂപയുടെ നാശനഷ്ടം ഉണ്ടായി എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) എത്ര പേർക്ക് ജീവഹാനി സംഭവിച്ചു; നാശനഷ്ടത്തിന്റെ വിശദമായ കണക്ക് വ്യക്തമാക്കുമോ;

(സി) വേനൽമഴക്കെടുതി മൂലമുള്ള നാശനഷ്ടങ്ങൾക്ക് സംസ്ഥാനം കേന്ദ്രഗവൺമെന്റിനോട് എത്രകോടി രൂപയുടെ സാമ്പത്തിക സഹായമാണ് അഭ്യർത്ഥിച്ചിട്ടുള്ളത് ; ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) നാശനഷ്ടത്തെക്കുറിച്ച് പഠിക്കാൻ കേന്ദ്രസംഘം കേരളം സന്ദർശിച്ചിട്ടുണ്ടോ;

(ഇ) കഴിഞ്ഞവർഷം കാലവർഷക്കെടുതിമൂലം സംസ്ഥാനത്തിന് എത്രകോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായത് ; എത്രകോടി രൂപയുടെ സഹായമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്; എത്രരൂപ ലഭിച്ചു; ലഭിച്ച തുക സംസ്ഥാനം എങ്ങനെയാണ് ചെലവഴിച്ചത്; വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ മഴമൂലം ഉണ്ടായ നാശനഷ്ടങ്ങൾ</u>

2807 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ മഴമൂലം ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) നാശനഷ്ടങ്ങൾ സംഭവിച്ച കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

സ്ഫോടക വസ്തുക്കൾ നിർവീര്യമാക്കുന്നതിനിടയിൽ കേടുപാടുകൾ പറ്റിയ വീടുകൾക്കുള്ള നഷ്ടപരിഹാരം

2808 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറൽ ഏ.ആർ ക്യാമ്പിൽ സ്ഫോടക വസ്തുക്കൾ നിർവീര്യമാക്കുന്ന പ്രവൃത്തി അശ്രദ്ധമായി ചെയ്തതുകാരണം പരിസരത്തെ ഏതെങ്കിലും വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിരുന്നോ ;

(ബി) ഉണ്ടെങ്കിൽ എന്നാണിത് സംഭവിച്ചത് എന്നും എത്ര വീടുകൾക്ക് കേടുപാട് സംഭവിച്ചു എന്നതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ആരുടെയൊക്കെ അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും എന്നാണ് അപേക്ഷകൾ ലഭിച്ചതെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച് പഠിക്കുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; ഇവർ ഏതെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും എന്തെങ്കിലും നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കരുവൻതിരുത്തി വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടം</u>

2809 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുവൻതിരുത്തി വില്ലേജ് ഓഫീസ് സ്വന്തമായ കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തി വിട്ടുതന്ന ഭൂമി ഏറ്റെടുത്തിട്ട് എത്ര വർഷമായി;

(സി) കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>അഞ്ചൽ മിനി സിവിൽ സ്റ്റേഷന്റെ മരാമത്ത് പണികൾ</u>

2810 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഞ്ചൽ മിനി സിവിൽ സ്റ്റേഷന്റെ തെക്കുഭാഗത്ത് ഇടിഞ്ഞ് നിലംപൊത്തുന്ന അവസ്ഥയിൽ കുത്തനെ ചരിവുള്ള ഭൂമിയും വഴിയും സംരക്ഷിക്കുന്നതിനും മിനി സിവിൽ സ്റ്റേഷന്റെ ചുറ്റുമതിൽ കെട്ടുന്നതിനും വേണ്ടി പൊതുമരാമത്ത് കെട്ടിട വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; ഈ സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് കലക്ട്രേറ്റിൽ എം.എൽ.എ-എസ്.ഡി.എഫ് ൽപ്പെട്ട പ്രവൃത്തികൾ</u>

2811 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കലക്ട്രേറ്റിൽ എം.എൽ.എ - എസ്.ഡി.എഫ് - ൽപ്പെട്ട പ്രവൃത്തികളിൽ ബി.ഡി.ഒ യിൽ നിന്നും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും എസ്റ്റിമേറ്റും മറ്റ് രേഖകളും സമർപ്പിച്ചിട്ടും എ.എസ് നൽകിയിട്ടില്ലാത്ത എത്ര പ്രവൃത്തികൾ ഉണ്ട് എന്ന് വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തികളുടെ വിശദമായ പട്ടിക ഓരോ പ്രവൃത്തിയുടെയും എ.എസ് ന് വേണ്ടതായ എസ്റ്റിമേറ്റും മറ്റ് രേഖകളും എന്നാണ് കലക്ട്രേറ്റിൽ ലഭിച്ചത് എന്ന് ലഭിച്ച തീയതി സഹിതം വിശദമാക്കികൊണ്ട് ലഭ്യമാക്കാമോ;

(സി) ഈ പ്രവൃത്തികൾക്ക് എ.എസ് നൽകാൻ കലക്ട്രേറ്റിൽ കാലതാമസം വരുന്നത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) എസ്റ്റിമേറ്റ് ലഭിച്ചാൽ 3 ദിവസത്തിനകം എ.എസ് നൽകാൻ കഴിയും എന്ന് നിയമസഭയിൽ നൽകിയ ഉറപ്പ് ലംഘിച്ചുകൊണ്ട് പ്രവൃത്തികളുടെ എ.എസ് ലഭ്യമാവുന്നതിന് കാലതാമസം വരുന്നതിന് എന്ത് പരിഹാര നടപടികൾ സർക്കാർ സ്വീകരിക്കും എന്നും എ.എസ് ലഭിക്കാത്ത പ്രവൃത്തികൾക്ക് എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

കരകുളം, പളളിപ്പുറം വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി

2812 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വില്ലേജ് ഓഫീസുകൾക്ക് പുതിയ മന്ദിരം നിർമ്മിച്ചു ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ ഏറ്റവും പഴക്കം ചെന്ന കരകുളം, പളളിപ്പുറം വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ രണ്ട് വില്ലേജ് ഓഫീസുകൾക്കും പുതിയതായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നടപ്പു സ്മ്പത്തിക വർഷം തന്നെ രണ്ട് കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>വലിയപറമ്പ് മാടക്കാൽ ദ്വീപിലെ തൂക്കുപാലത്തിന്റെ നിർമ്മാണം</u>

2813 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് മാടക്കാൽ ദ്വീപിലെ തൂക്കുപാലം തകർന്ന് വർഷം കഴിഞ്ഞിട്ടും പാലം പുനർനിർമ്മാണം ആരംഭിക്കാനോ ഇതേ ദ്വീപിലെ പടന്നക്കപ്പുറം തൂക്ക് പാലം പണി പൂർത്തീകരിക്കാനോ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ നിർമ്മാണം എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>മൊടവണ്ണക്കടവ്, കുണ്ടതോട് - കൊളപ്പാട് എന്നിവിടങ്ങളിൽ തുക്കുപാലം നിർമ്മിക്കുന്നതിന് ഭരണാനുമതി</u>

2814 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ മൊടവണ്ണക്കടവ്, കുണ്ടതോട് -കൊളപ്പാട് എന്നീ സ്ഥലങ്ങളിൽ ഒരു തൂക്കുപാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) മൊടവണ്ണക്കടവ് തൂക്കുപാലം കോൺക്രീറ്റ് നിർമ്മിത നടപ്പാലമായി മാറ്റുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ അടിയന്തരമായി ആയതിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കുണ്ടതോട് -കൊളപ്പാട് തൂക്കുപാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ചെറുന്നിയൂർ പണയിൽകടവ് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണം</u>

2815 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുന്നിയൂർ പണയിൽകടവ് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ് നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ആകെ എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്നും ഈ സ്ഥലം ആരുടേതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പാലം പണി പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും അപ്രോച്ച് റോഡ് നിർമ്മാണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>കൊല്ലം റൂറൽ പോലീസ് സൂപ്രണ്ട് ഓഫീസിന് കെട്ടിടം</u>

2816 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് സൂപ്രണ്ട് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി ജലവിഭവവകുപ്പിന്റെ അധീനതയിലുളള കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭൂമി കൈമാറി കിട്ടുന്നതിനുവേണ്ടിയുളള പ്രൊപ്പോസൽ റവന്യൂ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുളള തുടർ നടപടി ക്രമങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ഗവൺമെന്റ് ഐ. ടി. ഐ. എറിയാടിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഭൂമി</u>

2817 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ഐ. ടി. ഐ.യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എറിയാട് ഗ്രാമപഞ്ചായത്തിലുള്ള റവന്യൂ ഭൂമി തൊഴിൽ വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ടോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>മങ്കട ഗവൺമെന്റ് കോളേജ് കെട്ടിടം</u>

2818 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവൺമെന്റ് കോളേജ് കെട്ടിടം സ്ഥാപിക്കുന്നതിന് മൂർക്കനാട് പഞ്ചായത്തിന്റെ അധീനതയിലുള്ള 5 ഏക്കർ ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഏറ്റെടുത്ത് നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഭൂമി കൈമാറ്റ പ്രക്രിയ പൂർത്തിയാക്കുന്നതിന് സത്വര നിർദ്ദേശം നല്കുമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>കൊയിലാണ്ടി കോടതിയിൽ ദൈ്വശതാബ്ദി കെട്ടിട നിർമ്മാണം</u>

2819 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി കോടതിയിൽ നിർമ്മിക്കാൻ പോകുന്ന ദൈ്വശതാബ്ദി കെട്ടിടവുമായി ബന്ധപ്പെട്ട നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റുന്നതിന്റെ ലേലനടപടികൾ അംഗീകരിക്കുന്നതു സംബന്ധിച്ച ഫയൽ കോഴിക്കോട് കലക്ടറേറ്റിൽ തീർപ്പാവാതെ നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ കാലതാമസം വരുന്നത് കാരണം കെട്ടിടനിർമ്മാണ പ്രവൃത്തി നീണ്ടുപോവുന്ന സ്ഥിതിയും അതുവഴി ഉണ്ടാവുന്ന തടസ്സങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് ലേലനടപടികൾക്ക് അംഗീകാരം നൽകുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കേന്ദ്ര സർക്കാരിന്റെ പുതിയ ലാന്റ് അക്വിസിഷൻ ആക്ട് നിലവിൽ വന്നതിനു ശേഷമുള്ള സാഹചര്യം</u>

2820 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ ലാന്റ് അക്വിസിഷൻ ആക്ട് എന്നാണ് നിലവിൽ വന്നത് ;

(ബി) ഈ ആക്ട് നിലവിൽ വന്നതിനെ തുടർന്ന് കേരളത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ നിലച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കേന്ദ്ര ആക്ടിനനുസരിച്ചുള്ള റൂൾ ഉണ്ടാക്കാത്തതുകൊണ്ടാണോ ഭൂമി ഏറ്റെടുക്കാൻ നടപടികൾ നിലച്ചിരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>മിച്ചഭൂമി/സർക്കാർ ഭൂമി തിരിച്ചു പിടിക്കാൻ നടപടി</u>

2821 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ കണക്കനുസരിച്ച് എത്ര ഏക്കർ മിച്ചഭൂമിയും എത്ര ഏക്കർ സർക്കാർ ഭൂമിയും സ്വകാര്യ വ്യക്തികൾ കൈയ്യടക്കി വച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) മിച്ചഭൂമി/സർക്കാർ ഭൂമി കൈയ്യടക്കി വച്ചിട്ടുള്ളവരിൽ നിന്നും തിരിച്ചുപിടിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു ;

(സി) ആയതിന്റെ ഫലമായി എത്ര ഏക്കർ ഭൂമി തിരിച്ചുപിടിക്കുവാൻ കഴിഞ്ഞു ;

(ഡി) ഇത്തരം ഭൂമി സംബന്ധിച്ച് എത്ര കേസ്സുകൾ വിവിധ കോടതികളിൽ നിലവിലുണ്ട്; ഇവ യഥാസമയം തീർപ്പാക്കാൻ വേണ്ടി എന്തു നടപടി സ്വീകരിച്ചു വരുന്നു; വിശദമാക്കുമോ ;

(ഇ) ഈ സർക്കാർ വന്നശേഷം ഇത്തരത്തിൽ എത്ര ഏക്കർ മിച്ചഭൂമി/സർക്കാർ ഭൂമി കോടതികളുടെ ഉത്തരവുകൾ പ്രകാരം നല്കിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കടകംപള്ളി ഭൂമി തട്ടിപ്പ് കേസ്</u>

2822 ശ്രീ. കെ. രാധാകൃഷ്ണൻ
,, ബി. സത്യൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, പി. റ്റി. എ റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടകംപള്ളി ഭൂമി തട്ടിപ്പു കേസ്സിൽ മുഖ്യമന്ത്രിയുടെ മുൻഗൺമാൻ സലിംരാജിന്റെ ഭാര്യ പ്രതിയാണോ; ഇവർ റവന്യു വകുപ്പിൽ ഏതു തസ്തികയിലാണ് ജോലി ചെയ്തു വരുന്നത്;

(ബി) മുഖ്യമന്ത്രിയുടെ ഓഫീസും റവന്യു ഉദ്യോഗസ്ഥരും തമ്മിൽ ഗൂഢാലോചന നടത്തിയെന്ന സി. ബി.ഐ പരാമർശം സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ;

(സി) ഈ കേസ്സുമായി ബന്ധപ്പെട്ട് എ. ജി. ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം റവന്യൂ വകുപ്പിന്റെ നിർദ്ദേശപ്രകാരമായിരുന്നോ എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ദേശീയപാത വികസനത്തിനായി വിട്ടുനൽകിയ ഭൂമിയുടെ വില

2823 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിനായി ഭൂമി വിട്ടുനൽകിയ കെ. രാജൻ, ഹൗസ് നമ്പർ-52/2295, നേമം പി. ഒ, തിരുവനന്തപുരം - എന്നയാളിന് പ്രസ്തുത ഭൂമിക്കുള്ള വില, ടിയാന്റെ കൈവശം അസൽ പ്രമാണം ഇല്ല എന്ന കാരണത്താൽ, ഡി.വി.എസ്. ആക്റ്റ് നിലവിലിരിക്കെ, സ്പെഷ്യൽ തഹസീൽദാർ (പൊന്നുംവില) മനപൂർവ്വം തടഞ്ഞു വച്ചിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുപോലെ അസൽ പ്രമാണമില്ലാത്തതിനാൽ ആയതിന്റെ സർട്ടിഫൈഡ് കോപ്പി ഹാജരാക്കിയ ഫയൽ നമ്പർ-299/13 - ന് രണ്ടുമാസങ്ങൾക്കു മുമ്പു തന്നെ അവാർഡ് തുക നൽകിയ മുൻ സംഭവം ഉണ്ടെന്നിരിക്കെ മേൽപറഞ്ഞ കെ. രാജനും അർഹതയുള്ള അവാർഡു നൽകാൻ ഉടൻ നടപടി സ്വീകരിക്കുമോ;

(സി) മേൽപറഞ്ഞ രീതിയിൽ അധികാരദുർവിനിയോഗം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പുറമ്പോക്ക് ഭൂമി കൈയ്യേറ്റം</u>

2824 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അരീക്കരക്കുന്ന്, പാലക്കാട് ജില്ലയിലെ മുതലമട, തിരുവനന്തപുരം ജില്ലയിലെ മൂക്കുന്നിമല എന്നിവിടങ്ങളിൽ എത്ര സർക്കാർ പുറമ്പോക്ക് ഭൂമിയുണ്ടെന്നും ഓരോ ഭൂമിയുടെയും സർവ്വേ നമ്പറും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലങ്ങളിലെ ഭൂമി സ്വകാര്യ ആവശ്യങ്ങൾക്കോ പൊതു ആവശ്യങ്ങൾക്കോ വിട്ടു നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങൾക്കാണെന്നും ആർക്കെല്ലാമാണ് വിട്ടു നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>തിരുവില്വാമലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിനു ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി</u>

2825

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ തിരുവില്വാമലയിൽ പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിനു വേണ്ടി ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) ഈ സ്കൂളിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കു വേണ്ടി കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ മങ്കട വില്ലേജിലെ കർക്കിടകത്ത് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറംമ്പോക്ക് ഭൂമി</u>

2826 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മങ്കട വില്ലേജിലെ കർക്കിടകത്ത് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി, ഐ.എച്ച്.ആർ.ഡി.ക്ക് കീഴിലുള്ള അപ്ലൈഡ് സയൻസ് കോളേജിനായി വിട്ടുനൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടി വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ കത്തുകളുടെ പകർപ്പ് സഹിതം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ചാലക്കുടി ഹൗസിംഗ് അക്കോമഡേഷന്‍ സ്കീമില്‍ ഉള്‍പ്പെട്ട 18 സെന്‍റ് റവന്യൂ പുറമ്പോക്കു ഭൂമി

2827 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചാലക്കുടി ഹൗസിംഗ് അക്കോമഡേഷന്‍ സ്കീമില്‍ ഉള്‍പ്പെട്ട 18 സെന്‍റ് റവന്യൂ പുറമ്പോക്കുഭൂമി ഹൗസിംഗ് ബോര്‍ഡിന് ഇനിയും പതിച്ചു നല്‍കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) പതിച്ചു നല്‍കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>റോഡ് പുറമ്പോക്കിലെ കുടുംബങ്ങൾക്ക് പട്ടയം നൽകാൻ നടപടി</u>

2828

ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ ഏറവ് വില്ലേജിൽ സർവ്വേ നമ്പർ 405, 284-ൽ 45 വർഷമായി റോഡ് പുറമ്പോക്കിൽ താമസിക്കുന്ന 60 കുടുംബങ്ങളിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പട്ടയം ലഭിക്കാത്ത 4 കുടുംബങ്ങൾക്കുകൂടി പട്ടയം നൽകുന്നതിനായി പൊതുമരാമത്ത് അനുമതി നൽകണമെന്നുള്ള എം.എൽ.എ.യുടെ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കുടുംബങ്ങൾക്കു കൂടി പട്ടയം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ വിധികൾ</u>

2829 ശ്രീ. എസ്. രാജേന്ദ്രൻ
,, കെ.കെ. ജയചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ വിധികൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതി പരാമർശം നടത്തിയിരുന്നോ;

(സി) സ്വകാര്യവ്യക്തികൾ തമ്മിലെ കേസ്സുകൾ കൂടി പരിഗണിക്കാനാവും വിധം ട്രൈബ്യൂണലിനെ സജ്ജമാക്കാൻ ഈ ആക്ടിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഇ) കീഴ്ക്കോടതികളിൽ നിന്ന് ട്രൈബ്യൂണലിലേക്ക് കേസുകൾ കൈമാറുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കൈവശഭൂമിക്ക് പട്ടയം അനുവദിക്കാൻ നടപടി

2830 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈവശഭൂമിയുടെ പട്ടയം ലഭിക്കാൻ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വില്ലേജ് തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തില എത്ര പേർക്ക് പട്ടയം ലഭിച്ചിട്ടുണ്ട്. ആർക്കെല്ലാം;

(സി) പട്ടയം ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകളിന്മേൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

ഫറോക്ക് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടി

2831 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് റെയിൽവേ മേൽപ്പാലം അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചുവോ;

(ബി) ഇല്ലെങ്കിൽ, എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും;

(സി) സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ നിന്ന് മണൽ കൊണ്ട് വരുന്നതിന് നിയന്ത്രണം</u>

2832 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് മണൽ കൊണ്ടുവരുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ മണൽ നിയന്ത്രണം</u>

2833 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്ത് നിന്നും മണൽ കൊണ്ടുവരുന്നതിന് കാസർഗോഡ് ജില്ലയിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ജില്ലാഭരണാധികാരികൾ ഉൾപ്പെടെ ഉള്ള ഉദ്യോഗസ്ഥർ സർക്കാർ തീരുമാനത്തിന് എതിരായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇങ്ങനെ പ്രവർത്തിക്കുന്നുവെങ്കിൽ ഇത്തരം ഉദ്യോഗസ്ഥൻമാർക്കെതിരെ ശക്തമായ നടപടി എടുക്കുന്നതിന് തയ്യാറാകുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>മണ്ണ് നീക്കം ചെയ്യുന്നതിനും മണ്ണ് ഇറക്കുന്നതിനും അനുമതി</u>

2834 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൃഹ നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് നീക്കം ചെയ്യുന്നതിനും മണ്ണ് ഇറക്കുന്നതിനും ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണോ;

(ബി) ഇത്തരത്തിലുള്ള അനുമതിക്കായി എത്ര അപേക്ഷകളാണ് പാലക്കാട് കളക്ടറേറ്റിൽ തീർപ്പുകല്പിക്കുവാനുള്ളത്;

(സി) ഇത്തരം നിയമങ്ങൾ ലഘൂകരിക്കുന്നതിനും അധികാരം വികേന്ദ്രീകരിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>പ്രീ റവന്യൂ സർവ്വെ അദാലത്തുകൾ</u>

2835 ശ്രീ. കെ. ശിവദാസൻ നായർ
,, ഹൈബി ഈഡൻ
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എല്ലാ ജില്ലകളിലും പ്രീ റവന്യൂ സർവ്വെ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചിരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അദാലത്തിലൂടെ എത്ര ശതമാനം പരാതികൾ പരിഹരിക്കുകയുണ്ടായി; വിശദമാക്കുമോ;

(ഡി) പരിഹരിക്കാത്ത പരാതികളിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>റീസര്‍വ്വെ നടപടികളുടെ പൂര്‍ത്തീകരണം</u>

2836 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എത്ര വില്ലേജുകളില്‍ റീസര്‍വ്വെ നടപടികള്‍ പൂര്‍ത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയും എത്ര വില്ലേജുകളില്‍ റീസര്‍വ്വെ ജോലികള്‍ പൂര്‍ത്തിയാക്കാനുണ്ടെന്ന വിശദമാക്കുമോ;

(സി) മുഴുവന്‍ വില്ലേജുകളിലെയും റീസര്‍വ്വെ പൂര്‍ത്തിയാക്കി രേഖകള്‍ എന്ന് പ്രസിദ്ധം ചെയ്യുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ റീ- സർവ്വെ നടപടികൾ</u>

2837

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര വില്ലേജുകളിലാണ് റീ- സർവ്വെ നടപടികൾ പൂർത്തിയായത്/നടന്നുകൊണ്ടിരിക്കുന്നത് എന്നും അവ ഏതൊക്കെ വില്ലേജുകളാണെന്നും വ്യക്തമാക്കുമോ;

(ബി) റീ- സർവ്വെയുമായി ബന്ധപ്പെട്ട് മേൽപറഞ്ഞ വില്ലേജുകളിൽ ഓരോന്നിലും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് എന്നുള്ള വിവരങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ;

(സി) പരാതികളിൽ എത്രയെണ്ണം തീർപ്പുകൽപിച്ചു, എത്രയെണ്ണത്തിൽ ഇനി തീർപ്പുകൽപിക്കുവാനുണ്ട് എന്നുള്ള വിശദാംശങ്ങൾ വില്ലേജ് തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>നെടുമങ്ങാട് - തിരുവനന്തപുരം താലൂക്കുകളിലെ റീസർവ്വേ</u>

2838 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റീസർവ്വേ നടപടികൾ ആരംഭിച്ചത് എന്നാണ്;

(ബി) ഇതുവരെ എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്; ഭാഗികമായി പൂർത്തിയായ വില്ലേജുകൾ എത്ര; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(സി) ഇതുവരെയുള്ള റീസർവ്വേ നടപടികൾക്ക് എത്ര രൂപ ചെലവായി;

(ഡി) റീസർവ്വേ നടപടിക്രമങ്ങൾ കാര്യക്ഷമമായി എല്ലാ വില്ലേജുകളിലും പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) നെടുമങ്ങാട് താലൂക്കിലെ നെടുമങ്ങാട്, കരിപ്പൂര്, കരകുളം, വട്ടപ്പാറ, വെമ്പായം, തേക്കട, മാണിക്കൽ, കോലിയക്കോട് എന്നീ വില്ലേജുകളിലും തിരുവനന്തപുരം താലൂക്കിലെ പള്ളിപ്പുറം, അണ്ടൂർക്കോണം, മേൽതോന്നയ്ക്കൽ, കീഴ്തോന്നയ്ക്കൽ, അയിരൂപ്പാറ എന്നീ വില്ലേജുകളിലും റീസർവ്വേ നടപടികളെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എത്ര; വില്ലേജ് തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) പരാതികൾ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു;

(ജി) പരാതികൾ പരിഹരിക്കുവാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ റീസർവ്വേ അദാലത്ത് സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>താനൂർ വില്ലേജിൽ 1956-57 വർഷങ്ങളിൽ നടത്തിയ റീസർവ്വെ പ്രകാരമുള്ള രേഖകൾ</u>

2839 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരൂർ താലൂക്കിലെ താനൂർ വില്ലേജിൽ 1956-57 വർഷങ്ങളിൽ നടത്തിയ റീസർവ്വെ പ്രകാരമുള്ള 'എ' രജിസ്റ്ററും അതിന്റെ അപ്പെന്റിക്സും ഏതെല്ലാം ഓഫീസുകളിൽ ലഭ്യമായിരിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) താനൂർ വില്ലേജിലും തിരൂർ താലൂക്ക് ഓഫീസിലും ഇതു സംബന്ധിച്ച രേഖകളെല്ലാം ലഭ്യമാണോ; ലഭ്യമാണെങ്കിൽ അതിന്റെ പകർപ്പുകൾ ലഭിക്കാനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ഇന്റലക്ച്വൽ സിറ്റിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി</u>

2840 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ ചെമ്പ് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ഇന്റലക്ച്വൽ സിറ്റിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടം വരെയെത്തിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇന്റലെക്ച്വൽ സിറ്റിക്കായി എത്ര ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇന്റലെക്ച്വൽ സിറ്റിയ്ക്കായുള്ള ഭൂമിയിൽ മിച്ചഭൂമിയുണ്ടെന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ യാഥാർത്ഥ്യം കണ്ടെത്താനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

കരമന - കളിയിക്കാവിള ദേശീയപാതവികസനത്തിനായി ഏറ്റെടുത്ത ഭൂമി

2841 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കരമന-കളിയിക്കാവിള ദേശീയ പാതവികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട്, കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള പ്രദേശത്ത് സ്പെഷ്യൽ തഹസീൽദാർ പൊന്നുവില മുഖേന എത്ര ഭൂവുടമകൾക്ക് അവാർഡ് തുക നൽകിയെന്നും, അവർ ഓരോരുത്തരുടെയും പേരും മേൽവിലാസവും എന്താണെന്നും, അവർ ഓരോരുത്തരിൽനിന്നും എത്ര വീതം ഭൂമിയാണ് അക്വയർ ചെയ്തതെന്നും, അവർ ഓരോരുത്തർക്കും എത്ര തുക വീതം നൽകിയെന്നും, ഇനി എത്ര പേർക്ക് ഈയിനത്തിൽ തുക നൽകുവാനുണ്ടെന്നും, ആയത് നാളിതുവരെ നൽകാത്തതിന്റെ കാരണം എന്താണെന്നും ആയത് എന്നത്തേക്കു നൽകും എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>മലപ്പുറം കോട്ടപ്പടി ബൈപ്പാസ് സ്ഥലമെടുപ്പ് നടപടികൾ</u>

2842 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് സ്ഥലമെടുപ്പ് നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) സ്ഥലമെടുപ്പ് നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അതിന് നൽകുന്ന നഷ്ടപരിഹാരം നല്കുന്ന രീതിയും വിശദീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

മാനാഞ്ചിറ വെള്ളിമാട്കുന്ന് റോഡിന്റെ സ്ഥലമെടുപ്പ്

2843 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് സിറ്റിറോഡ് ഇംപ്രൂവ്മെന്റ് സ്കീം പ്രകാരമുള്ള മാനാഞ്ചിറ വെള്ളിമാട് കുന്ന് റോഡിന്റെ സ്ഥലമെടുപ്പ് പ്രക്രിയ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ഇരിണാവ് പാലം നിർമ്മാണത്തിനു വേണ്ടി സ്ഥലമേറ്റെടുക്കൽ</u>

2844 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ ഉന്നതതല സമിതി അംഗീകാരം നൽകുകയും അതുപ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തുവെങ്കിലും സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടി നിന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥലം എത്രയും വേഗം അളന്ന് തിട്ടപ്പെടുത്തി ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ഫറോക്ക് ഗവ. ഗണപത് ഹൈസ്കൂളിന്റെ കൈവശത്തിലിരിക്കുന്ന സ്ഥലം</u>

2845 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് ഗവ. ഗണപത് ഹൈസ്കൂളിന്റെ കൈവശത്തിലിരിക്കുന്നതും 1957 ൽ മലബാർ എഡ്യൂക്കേഷൻ സൊസൈറ്റിയിൽ നിന്നും ഏറ്റെടുത്തതുമായ ഭൂമിയും കെട്ടിടങ്ങളും റവന്യൂ രേഖകളിൽ കൊണ്ടുവരണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>ഒറ്റപ്പാലം താലൂക്കിലെ മിച്ചഭൂമി</u>

2846 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കിൽ എത്ര ഏക്കർ സ്ഥലം മിച്ചഭൂമിയായി കണ്ടെത്തിയിരുന്നു; ഏതെല്ലാം വില്ലേജുകളിൽ; ഓരോ വില്ലേജിലും എത്ര ഏക്കർ സ്ഥലമാണ് കണ്ടെത്തിയിരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) മിച്ചഭൂമിയാണെന്ന് കണ്ടെത്തിയിട്ടും സ്ഥലം ഉടമ ഭൂമി വിട്ടുനൽകാത്ത കേസുകൾ ഉണ്ടോ; ഏതെല്ലാം വില്ലേജിൽ; ഭൂമി സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ഒറ്റപ്പാലം താലൂക്കിൽ മിച്ചഭൂമി സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ട്; വിശദാംശവും കാലിക സ്ഥിതിയും വിശദീകരിക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ലീഗൽ മെട്രോളജി വകുപ്പിലെ ഒഴിവുകൾ

2847 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് തസ്തിക തിരിച്ച് ഒഴിവു വന്ന തീയതി സഹിതം വിശദമാക്കുമോ;

(ബി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) 2013, 2014 വർഷങ്ങളിൽ സീനിയർ ഇൻസ്‌പെക്ടർ, അസിസ്റ്റന്റ് കൺട്രോളർ എന്നീ തസ്തികകളിലേക്ക് പ്രമോഷൻ നടത്തുന്നതിന് ഡി.പി.സി കൂടിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>അന്തർദേശീയ കയർപ്രദർശന വിപണനകേന്ദ്രം</u>

2848 ശ്രീ. കെ. മുരളീധരൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തർദേശീയ കയർ പ്രദർശന വിപണന കേന്ദ്രം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) കയറിന്റെ ആഭ്യന്തര-വിദേശ വിപണി ശക്തിപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>അന്താരാഷ്ട്ര കയർമേള</u>

2849 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര കയർമേള സംഘടിപ്പിക്കുന്നതിന് സംസ്ഥാന ഖജനാവിൽ നിന്ന് എത്ര രൂപ ചെലവഴിച്ചുവെന്നും കേന്ദ്രസർക്കാർ സഹായമായി എത്ര രൂപ ലഭിച്ചുവെന്നും അറിയിക്കുമോ ;

(ബി) മേളയുടെ ഫലമായി എന്തു വിദേശ ഓർഡർ ലഭിച്ചു ; ഇതിൽ പൊതുമേഖലാസ്ഥാപനമായ കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് ഓഫ് ഇന്ത്യ എന്നിവയ്ക്ക് എന്തു തുകയ്ക്കുള്ള വിദേശ ഓർഡർ ലഭിച്ചുവെന്ന് അറിയിക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം എന്തു തുകയുടെ കയർ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

കയർമേഖലയെ ശക്തിപ്പെടുത്താൻ കർമ്മപദ്ധതി

2850 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ജോസഫ് വാഴക്കൻ
.. വി. റ്റി. ബൽറാം
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർമേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇക്കാലയളവിൽ കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര ശതമാനം വർദ്ധനവാണ് ഓരോ സാമ്പത്തിക വർഷത്തിലും വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇതുമൂലം കയർമേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കയർ മേഖലയിലെ പിന്നോക്കാവസ്ഥ</u>

2851 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ജി. സുധാകരൻ
,, കെ. ദാസൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ കയറ്റുമതിയിൽ രാജ്യം വൻ മുന്നേറ്റം കൈവരിക്കുമ്പോഴും സംസ്ഥാനത്തിന്റെ പങ്ക് കുത്തനെ കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർമേഖലയിലെ ഈ പിന്നോക്കാവസ്ഥയ്ക്കുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാർ സംഘടിപ്പിച്ച കയർമേളകൾ കയർ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ സഹായകരമായിരുന്നോ; ഇക്കഴിഞ്ഞ വിപണനമേളയിൽ എത്ര കോടി രൂപയ്ക്കുള്ള ഓർഡർ ലഭിച്ചുവെന്ന് അറിയിക്കാമോ;

(ഡി) കയർമേളയുടെ മറവിൽ വൻധൂർത്തും സാമ്പത്തിക ക്രമക്കേടുകളും നടക്കുന്ന കാര്യം അറിവുള്ളതാണോ; ഇത് പരിശോധിച്ചിട്ടുണ്ടോ;

(ഇ) കഴിഞ്ഞ രണ്ടു വർഷം കയർമേളയ്ക്ക് എന്ത് തുക ചെലവ് വന്നു എന്ന് വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

തൊണ്ട് സംഭരണ പദ്ധതി

2852 ശ്രീ. വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തൊണ്ട് സംഭരണം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കയർ കടാശ്വാസ പദ്ധതി</u>

2853 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ കടാശ്വാസ പദ്ധതിയിൻ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക്/സ്ഥാപനങ്ങൾക്ക് ആനുകൂല്യങ്ങൾ നല്കിയെന്നും എത്ര രൂപ നല്കിയെന്നും വ്യക്തമാക്കാമോ ;

(ബി) കടാശ്വാസ പദ്ധതി തൊഴിലാളികൾക്കുകൂടി പ്രയോജനകരമായ രീതിയിൽ വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കയർ വികസനത്തിനായി ചെലവഴിച്ച തുക</u>

2854 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ വികസനത്തിനായി 2013-2014-ൽ കേന്ദ്രവിഹിതം ഉൾപ്പെടെ എത്ര രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു വെന്നും അതിൽ 31.01.2014 വരെ എത്ര രൂപ ചെലവഴി ച്ചുവെന്നും അറിയിക്കുമോ ;

(ബി) 31.01.2014 മുതൽ 31.03.2014 വരെ എത്ര രൂപ ചെലവ ഴിച്ചു ; പദ്ധതി തിരിച്ചുള്ള ബഡ്ജറ്റ് തുകയും ചെല വായ തുകയും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പ്രാഥമിക കയർ പിരിമേഖലയിലെ ഉല്പാദനം</u>

2855 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 382 പ്രാഥമിക കയർപിരിമേഖലയിലെ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ ഉല്പാദനം വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതുവഴി എത്ര തൊഴിലാളികൾക്ക് ഓരേ വർഷവും തൊഴിൽ നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ തൊഴിലാളിക്കും നൽകിയ ശരാശരി തൊഴിൽ ദിവസം എത്രയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ</u>

2856 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘത്തിന്റെയും കൈവശമുള്ള ഭൂമിയും ഭൂമിയുടെ മതിപ്പുവിലയും എത്രയാണ് ;

(ബി) തറികൾ, മറ്റ് അനുബന്ധയന്ത്രങ്ങൾ അവയുടെ മതിപ്പുവില എത്രയാണ് ;

(സി) നിലവിലുള്ള തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ ;

(ഡി) കെട്ടിടങ്ങൾ/ഫാക്ടറികൾ എന്നിവയുടെ മതിപ്പുവില എത്രയാണ് ;

(ഇ) സംഘങ്ങളുടെ ബാധ്യതകൾ വിശദാംശം സഹിതം ലഭ്യമാക്കുമോ ?